# കൊപ്രാ താങ്ങുവില കൂട്ടി; ഉണ്ടക്കൊപ്രയ്ക്ക് 5350 രൂപ

സ്വന്തം ലേഖകൻ

ന്യൂഡൽഹി: കൊപ്ര താങ്ങുവില ക്വിന്റലിന് 575 രൂപ വർധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. 12 ശതമാനമാണു വർധന. താങ്ങുവില വർധിപ്പിക്കാനുള്ള കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും കാർഷിക വിലനിർണയ കമ്മീഷന്റെയും ശിപാർശ പരിഗണിച്ചാണ് കേന്ദ്ര സർക്കാർ നടപടി. ഉണ്ടക്കൊപ്രയ്ക്കു ക്വിന്റലിന് 5350 രൂപയും മില്ലിംഗ് കൊപ്രയ്ക്കു ക്വിന്റലിന് 5100 രൂപയുമായിരിക്കും താങ്ങുവില. നിലവിൽ ഇത് യഥാക്രമം 4775, 4525 ആണ്.

പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ അധ്യക്ഷതയിൽ കൂടിയ മന്ത്രിസഭാ യോഗമാണു താങ്ങുവില വർധിപ്പിക്കാൻ തീരുമാനിച്ചത്.

**Deepika Daily 5-1-12**

# കൊപ്ര താങ്ങുവില 575 രൂപ കൂട്ടി

ന്യൂഡൽഹി: കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 575 രൂപ വർദ്ധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഉണ്ട കൊപ്രയുടെയും മിൽ കൊപ്രയുടെയും താങ്ങുവിലയാണ് വർദ്ധിപ്പിക്കുക. കൊച്ചിയിലെ എച്ച്.എം.ടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകാൻ 12 കോടി 78 ലക്ഷം രൂപ ഉടൻ നൽകാനും പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭ തീരുമാനിച്ചു.

നിലവിൽ ഉണ്ട കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 4775 രൂപയായിരുന്നത് 5350 രൂപയായി ഉയരും. മിൽ കൊപ്രയുടെ താങ്ങുവില 4525 രൂപയിൽ നിന്ന് 5100 രൂപയായും ഉയരും. കഴിഞ്ഞ രണ്ടു വർഷത്തിനിടെ ഇതു നാലാം തവണയാണ് കേന്ദ്ര സർക്കാർ കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നത്.

**Kerala Kaumudi Daily 5-1-12**

# കൊപ്ര താങ്ങുവില 575 രൂപ കൂട്ടി

സ്വന്തം ലേഖകൻ

ന്യൂഡൽഹി: കൊപ്ര താങ്ങുവില ക്വിന്റലിന് 575 രൂപ കൂട്ടാൻ കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചു. ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപയും മില്ലിങ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയുമായി താങ്ങുവില നിശ്ചയിച്ചു. നിലവിൽ ഉണ്ടകൊപ്രയ്ക്ക് 4775 രൂപയും മില്ലിങ് കൊപ്രയ്ക്ക് 4525 രൂപയുമായിരുന്നു താങ്ങുവില. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും കാർഷികവില നിർണയ കമ്മിഷന്റെയും ശുപാർശ പരിഗണിച്ചാണിത്. നാഫെഡ് മുഖേനയാകും സംഭരണം.

**Malayala Manorama Daily 5-1-12**

# കൊപ്രയുടെ താങ്ങുവില ക്വിൻറലിന് 5100 രൂപയാക്കി

ന്യൂഡൽഹി: കൊപ്രയുടെ താങ്ങുവില വർധിപ്പിച്ചു. സാധാരണ കൊപ്രയ്ക്ക് ക്വിൻറലിന് 5100 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിൻറലിന് 5350 രൂപയും ആണ് പുതിയ താങ്ങുവില. നിലവിൽ ഇത് യഥാക്രമം 4525 ഉം 4775 രൂപയുമാണ്. ബുധനാഴ്ച ചേർന്ന കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതിയുടേതാണ് തീരുമാനം. ഇപ്പോഴം 5175 രൂപയാണ് കൊപ്രയുടെ വിപണിവില.

**Mathrubhumi Daily 5-1-12**

# കൊപ്ര താങ്ങുവില 575 രൂപ വർധിപ്പിച്ചു

ന്യൂഡൽഹി: കൊപ്ര താങ്ങുവില ക്വിന്റലിന് 575 രൂപ വർധിപ്പിച്ചു. താങ്ങുവില വർധിപ്പിക്കാനുള്ള കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെയും കാർഷിക വിലനിർണയ കമ്മീഷന്റെയും ശിപാർശ പരിഗണിച്ചാണ് കൊപ്രയുടെ താങ്ങുവില വർധിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത്. ഉണ്ട കൊപ്രക്കു ക്വിന്റലിന് 5350 രൂപയും മില്ലിംഗ് കൊപ്രക്കു ക്വിന്റലിന് 5100 രൂപയുമായിരിക്കും താങ്ങുവില. നിലവിൽ ഇത് 4775 രൂപയും 4525 രൂപയുമാണ്. നാഫെഡാണ് സംഭരണ ഏജൻസി.

**Chandrika Daily 5-1-12**

# കൊപ്ര താങ്ങുവിലയിൽ 575 രൂപയുടെ വർധന

ന്യൂദൽഹി: കൊപ്രയുടെ താങ്ങുവില ഉയർത്തി. ഇന്നലെ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗമാണ് ക്വിൻറലിന് 575 രൂപ വർധിപ്പിച്ചത്. കേന്ദ്ര കൃഷി മന്ത്രാലയവും കാർഷിക വില നിർണയ കമീഷനും താങ്ങുവില ഉയർത്തണമെന്ന് നേരത്തേ ശിപാർശ ചെയ്തിരുന്നു. ഉണ്ടകൊപ്രക്ക് ക്വിൻറലിന് 5350 രൂപയും മിൽ കൊപ്രക്ക് ക്വിൻറലിന് 5100 രൂപയുമായാണ് താങ്ങുവില ഉയർത്തിയത്. രാജ്യത്തെ കേര കർഷകർക്ക് തീരുമാനം ഏറെ ഉപകരിക്കുമെന്ന് സർക്കാർ അറിയിച്ചു.

**Madhyamam Daily 5-1-12**

## കൊപ്ര താങ്ങുവില കൂട്ടി

# തീരെ അപര്യാപ്തമെന്ന് കർഷകർ

ന്യൂഡൽഹി: കൊപ്രയുടെ താങ്ങുവില കേന്ദ്രസർക്കാർ ക്വിന്റലിന് 575 രൂപ കൂട്ടി. കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തിക കാര്യസമിതിയാണ് വർധന തീരുമാനിച്ചത്. എന്നാൽ, ഉൽപാദനച്ചെലവിൽ വന്ന വർധനയുമായി താരതമ്യംചെയ്യുമ്പോൾ പുതിയ താങ്ങുവിലയും അപര്യാപ്തമാണെന്ന് കർഷകരും കർഷകസംഘടനകളും വ്യക്തമാക്കി. താങ്ങുവില വർധിപ്പിച്ച് കൃഷിമന്ത്രാലയവും കാർഷിക വിലനിർണയ കമീഷനും നൽകിയ ശുപാർശ കേന്ദ്രമന്ത്രിസഭ അംഗീകരിക്കുകയായിരുന്നു. ഇതനുസരിച്ച് ഉണ്ട കൊപ്രയുടെ വില ക്വിന്റലിന് 4775 രൂപയിൽ നിന്ന് 5350 ആയി ഉയരും. മിൽ കൊപ്രയുടെ വില 4525 രൂപയിൽ നിന്ന് 5100ഉം ആകും.

വർധന തീരെ അപര്യാപ്തമാണെന്ന് കേരകർഷകർ ചൂണ്ടിക്കാട്ടി. ഉൽപ്പാദനച്ചെലവിൽ വന്ന വർധന നികത്താൻപോലും ഇതിന് കഴിയില്ല. തേങ്ങയ്ക്ക് പ്രദേശികവിപണിയിൽ ഉള്ള വില പോലും താങ്ങുവിലയായി പ്രഖ്യാപിച്ചിട്ടില്ല. വളം, കൂലി എന്നീഇനങ്ങളിലടക്കം ഉൽപ്പാദന ചെലവിൽ വന്ന വർധനയ്ക്ക് പുറമെ അതിന്റെ 50 ശതമാനം കൂടി ചേർത്ത് താങ്ങുവില പ്രഖ്യാപിക്കണമെന്ന് സ്വാമിനാഥൻ കമ്മിറ്റി ശുപാർശചെയ്തിരുന്നു. അതനുസരിച്ച് ക്വിന്റലിന് 7000 രൂപ താങ്ങുവിലയായി പ്രഖ്യാപിക്കണമെന്ന് കേരള കർഷകസംഘം അടക്കമുള്ള കർഷകസംഘടനകൾ ആവശ്യപ്പെട്ടിരുന്നു. കാർഷിക വിലനിർണയ കമീഷനും കേന്ദ്രമന്ത്രിസഭയും ഇത് പരിഗണിച്ചില്ല. നെല്ലിന് നൽകിയ പോലെ സംസ്ഥാനസർക്കാർ അധിക സബ്സിഡി അനുവദിക്കണമെന്ന ആവശ്യവും അംഗീകരിച്ചിട്ടില്ല. നെല്ലിന് കിലോയ്ക്ക് 9.50 രൂപയാണ് കേന്ദ്രം താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ, കേരളത്തിൽ 14 രൂപ നെൽ കർഷകർക്ക് നൽകുന്നുണ്ട്. അധിക തുക സംസ്ഥാന സർക്കാർ സബ്സിഡിയായി അനുവദിക്കുകയാണ്.

നാഫെഡിന് ഫലപ്രദമായ സംഭരണസൗകര്യമില്ലാത്തത് പ്രഖ്യാപിച്ച താങ്ങുവിലപോലും കർഷകർക്ക് കിട്ടാൻ തടസ്സമാകും. കൊപ്രയിലെ വെള്ളത്തിന്റെ അളവ് സംബന്ധിച്ച മാനദണ്ഡവും കർഷകർക്ക് ദ്രോഹകരമാണ്. ആറു ശതമാനത്തിൽ കൂടുതൽ വെള്ളമുള്ള കൊപ്ര നാഫെഡ് തള്ളുകയാണ് പതിവ്. കൃത്യമായ വിളവും ഉണക്കും കിട്ടിയാൽ മാത്രമേ മാനദണ്ഡപ്രകാരമുള്ള കൊപ്ര ലഭിക്കൂവെന്ന് ഈ രംഗത്തെ വിദഗ്ധരടക്കം അഭിപ്രായപ്പെട്ടിട്ടുണ്ട്. നാഫെഡ് തള്ളിയ കൊപ്ര, കർഷകന് കുറഞ്ഞ വിലയ്ക്ക് തൊട്ടടുത്തുള്ള സ്വകാര്യസംരംഭകന് നൽകേണ്ടിവരും. ഇത് തടയാൻ വെള്ളത്തിന്റെ അളവ് അടിസ്ഥാനമാക്കി എ, ബി ഗ്രേഡായി തിരിച്ച് വില നിശ്ചയിക്കണമെന്നും കേരള കർഷകസംഘം ആവശ്യപ്പെട്ടിരുന്നു. ഇതും പരിഗണിച്ചിട്ടില്ല.

**Deshabhimani Daily 5-1-12**